**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2427 12.02.2020-ലെ മറുപടിയ്ക്ക്

**ഒളിമ്പ്യ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്പോട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒളിമ്പ്യ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) & (ബി) | 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായിക ഇനങ്ങളിൽ ആർച്ചറിയും ഷൂട്ടിംഗും ഒഴികെയുള്ള 9 കായികയിനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ്, ബോക്സിംഗ് & ബാഡ്മിന്റൺ എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മത്സരയിനങ്ങളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോർട്സ് മേഖലയിൽ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള കായിക താങ്ങൾക്ക് ആവശ്യമായ പരിശീലന കേന്ദ്രം, വിദഗ്ധരായ പരിശീലകർ, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ബോർഡിംഗ്/ ലോഡ്ജിംഗ്, വാഷിംഗ് അലവൻസ്, മെഡിക്കൽ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**